മഹാത്മാഗാന്ധി സർവ്വകലാശാല

# കോട്ടയം ജില്ലാ
# ജൈവ സാക്ഷരതാ യജ്ഞം 2017

ഉദ്ഘാടനം

**ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ**

**ആഗസ്റ്റ് 29 രാവിലെ 10 ന്. സർവ്വകലാശാല സ്പോർട്സ് മൈതാനം**



ഉദ്ഘാടനം
**ശ്രീ. പിണറായി വിജയൻ**
ബഹു. മുഖ്യമന്ത്രി

## ജൈവം



അധ്യക്ഷൻ
**പ്രൊഫ. സി. രവീന്ദ്രനാഥ്**
ബഹു. വിദ്യാഭ്യാസ മന്ത്രി



**ഡോ. ബാബു സെബാസ്റ്റ്യൻ**
വൈസ് ചാൻസലർ
മഹാത്മാഗാന്ധി സർവ്വകലാശാല

## അതിജീവനം • ജൈവജീവനം
## സുസ്ഥിരജീവനം



**അഡ്വ. പി.കെ. ഹരികുമാർ**
ചെയർമാൻ, ജൈവം 2017

MAHATMA GANDHI UNIVERSITY | INTER UNIVERSITY CENTRE FOR ORGANIC FARMING & SUSTAINABLE AGRICULTURE | IUCOFSA | NATIONAL SERVICE SCHEME

**ജൈവ കോട്ടയം • ഹരിത കേരളം**

17-08-2017

ബഹുമാന്യരെ,

സംസ്ഥാന സർക്കാരിന്റെ പരിസ്ഥിതി സൗഹൃദ സംരംഭമായ 'ഹരിതകേരളം' പദ്ധതിക്ക് ശക്തി പകരാൻ ജൈവ കാർഷിക മേഖലയിൽ മഹാത്മാഗാന്ധി സർവ്വകലാശാലയുടേതായ പ്രവർത്തനങ്ങൾ നടത്തുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയാണ് 'ജൈവം'. ഈ പദ്ധതി കോട്ടയം ജില്ലയെ സമ്പൂർണ്ണ ജൈവ സാക്ഷര ജില്ലയാക്കി മാറ്റുവാൻ വിഭാവനം ചെയ്യുന്നു.

സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളിലെ നാഷണൽ സർവ്വീസ് സ്കീം യൂണിറ്റുകളിലൂടെയാണ് പദ്ധതി നടപ്പിലാക്കുക. കോട്ടയം ജില്ലയിലെ 4,87,296 ഭവനങ്ങളിലും ജൈവ കൃഷിരീതിയിൽ പരിശീലനം സിദ്ധിച്ച 10,000 ത്തിൽപ്പരം നാഷണൽ സർവ്വീസ് സ്കീം വോളന്റിയർമാർ നേരിട്ടുചെന്ന് ജൈവ കൃഷിരീതികൾ പരിചയപ്പെടുത്തും.

കേരള ജൈവ കർഷക സമിതി, ഗ്രാമ-വാർഡ്തല സാമൂഹ്യ, സാംസ്കാരിക, സന്നദ്ധ സേവകർ, സംഘടനകൾ, ഗ്രന്ഥശാലകൾ, വിവിധ റെസിഡന്റ്സ് അസോസിയേഷനുകൾ, മഹാത്മാഗാന്ധി സർവ്വകലാശാല ഡിപ്പാർട്ടുമെന്റ് ഓഫ് ലൈഫ് ലോങ്ങ് ലേണിങ്ങ് ഓർഗാനിക് ഫാമിങ്ങ് അലുമിനി, തുടങ്ങിയ പ്രസ്ഥാനങ്ങൾ 'ജൈവം'പദ്ധതിയിൽ സഹകരിക്കുന്നുണ്ട്.

ആഗസ്റ്റ് 29ന് മഹാത്മാഗാന്ധി സർവ്വകലാശാല സ്പോർട്സ് ഗ്രൗണ്ടിൽ വച്ച് ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രിയും സർവ്വകലാശാല പ്രോ-ചാൻസലറുമായ **പ്രൊഫ. സി. രവീന്ദ്രനാഥ്** അദ്ധ്യക്ഷത വഹിക്കുന്ന യോഗത്തിൽ ബഹു. കേരള മുഖ്യമന്ത്രി **ശ്രീ. പിണറായി വിജയൻ** 'ജൈവം' പദ്ധതി ഉദ്ഘാടനം ചെയ്യുന്നതാണ്.

'ജൈവം' പദ്ധതിയുടെ വിജയത്തിനായി താങ്കളുടെ സഹകരണം അഭ്യർത്ഥിക്കുന്നതോടൊപ്പം ഉദ്ഘാടന സമ്മേളനത്തിലേക്ക് സാദരം ക്ഷണിക്കുകയും ചെയ്യുന്നു.

അഡ്വ. പി.കെ. ഹരികുമാർ
ചെയർമാൻ, ജൈവം & സിൻഡിക്കേറ്റംഗം

എം.ആർ. ഉണ്ണി
രജിസ്ട്രാർ & ജനറൽ കൺവീനർ, ജൈവം

# കാര്യപരിപാടി

**തീയതി: 29 ആഗസ്റ്റ് 2017**
**സമയം: രാവിലെ 10.00**
**സ്ഥലം : മഹാത്മാഗാന്ധി സർവ്വകലാശാല സ്പോർട്സ് ഗ്രൗണ്ട്**

| | | |
|---|---|---|
| 10.00–10.01 | : | പ്രാർത്ഥന |
| 10.01–10.06 | : | *സ്വാഗതം*<br>**ഡോ. ബാബു സെബാസ്റ്റ്യൻ**, ബഹു. വൈസ് ചാൻസലർ |
| 10.06–10.11 | : | *പദ്ധതി വിശദീകരണം*<br>**അഡ്വ. പി.കെ. ഹരികുമാർ**, ചെയർമാൻ 'ജൈവം' & സിൻഡിക്കേറ്റംഗം |
| 10.11–10.21 | : | *അദ്ധ്യക്ഷപ്രസംഗം*<br>**പ്രൊഫ. സി.രവീന്ദ്രനാഥ്**, ബഹു: വിദ്യാഭ്യാസ മന്ത്രി & പ്രോ-ചാൻസലർ |
| 10.21–10.41 | : | *ഉദ്ഘാടനം*<br>**ശ്രീ. പിണറായി വിജയൻ**, ബഹു. കേരള മുഖ്യമന്ത്രി |
| 10.41–10.42 | : | *ജൈവ പ്രതിജ്ഞ* |
| 10.42–10.45 | : | *ജൈവ ബോധന മാർഗ്ഗരേഖ പ്രകാശനം*<br>**ശ്രീ. ജോസ് കെ. മാണി**, എം.പി |
| 10.45–10.48 | : | *ജൈവ മൊബൈൽ ആപ്പ് ഉദ്ഘാടനം*<br>**ശ്രീ. രാജു എബ്രഹാം**, സിൻഡിക്കേറ്റംഗം & എം.എൽ.എ |
| 10.48–10.51 | : | *ജൈവ ഗീതം പ്രകാശനം*<br>**ശ്രീ. സുരേഷ് കുറുപ്പ്**, എം.എൽ.എ |
| 10.51–10.56 | : | *ആശംസകൾ*<br>**പ്രൊഫ. ടോമിച്ചൻ ജോസഫ്**, സിൻഡിക്കേറ്റംഗം |
| | : | **ഡോ. എ. ജോസ്**, സിൻഡിക്കേറ്റംഗം |
| | : | **ഡോ. എം.എസ്. ലത**, സിൻഡിക്കേറ്റംഗം |
| | : | **ശ്രീ. ജി.പി. സജിത് ബാബു**<br>റീജിയണൽ ഡയറക്ടർ, എൻ.എസ്.എസ്., കേരള & ലക്ഷദ്വീപ് |
| 10.56–11.00 | : | *നന്ദി*<br>**ശ്രീ. എം.ആർ. ഉണ്ണി**, രജിസ്ട്രാർ & ജനറൽ കൺവീനർ, 'ജൈവം' |



## ജൈവ സന്ദേശങ്ങൾ

- ഹരിതസസ്യങ്ങളാണ് ഊർജ്ജദായക ഭക്ഷണം ഉല്പാദിപ്പിക്കുന്നത്
- വിഷരഹിത ധാന്യങ്ങളും, പച്ചക്കറികളും, പഴവർഗ്ഗങ്ങളും നമുക്കുണ്ടാക്കാം
- ഭക്ഷണ കാര്യത്തിൽ ഗൃഹാധിഷ്ഠിത സ്വയം പര്യാപ്തത കൈവരിക്കുക
- ജൈവ മാലിന്യങ്ങൾ വളമാക്കി മാറ്റുക
- ജൈവാവശിഷ്ടങ്ങൾ തീയിടരുത്, സൂക്ഷ്മാണുക്കളുടെ പ്രവർത്തനത്താൽ അവ മണ്ണിലലിയണം
- രാസവളവും കീടനാശിനികളും ഉപേക്ഷിക്കുക, ജൈവാധിഷ്ഠിത കീടനാശിനികളിലേക്ക് മാറുക
- ഭൂമിയെ അമിതമായി ചൂഷണം ചെയ്യരുത്, മണ്ണിളക്കുന്നത് കരുതലോടെ മാത്രം
- ഭൂമിയെ ജൈവ സമ്പുഷ്ടമാക്കുക
- ഈർപ്പം നിലനിർത്താൻ മണ്ണിനും ചെടികൾക്കും പുതയിടുക
- പാഴ്മരങ്ങൾ ജൈവ സംരക്ഷകർ, കളകൾ മണ്ണിന്റെ മിത്രങ്ങൾ
- പച്ചപ്പടർപ്പുകൾ നിലനിർത്തുക
- മണ്ണിന്റെ അമ്ല-ക്ഷാരനില സമീകൃതമായി നിലനിർത്തുക (pH 7/ Neutral)
- ജലസ്രോതസ്സുകൾ മലിനീകരിക്കാതിരിക്കുക
- മിശ്രവിളകളെ പ്രോത്സാഹിപ്പിക്കുക
- നവീനമായ കൃഷിസംസ്കൃതി രൂപപ്പെടുത്തുക

**Mahatma Gandhi University**
Priyadarshini Hills, Kottayam
Kerala-686560, India

T: +91 481 2733210
E: jaivom@mgu.ac.in
**www.iucofsa.ac.in/jaivam**

J/08/17 CREATIVE MINDS, TEL: 0481 2561966